അഞ്ചുവയസ്സിന് താഴെയുള്ള കുഞ്ഞുങ്ങളുടെയും ഗർഭിണികളുടെയും ആരോഗ്യ വിവരങ്ങൾ മോണിറ്റർ ചെയ്യാൻ ജാതക്-ജനനി എന്ന കമ്പ്യൂട്ടർവൽകൃത പദ്ധതി നടന്നുവരുന്നു.

അട്ടപ്പാടി മേഖലയിൽ ദീർഘകാലം പ്രവർത്തിച്ച് പരിചയമുള്ള ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. പ്രഭുദാസിന്റെ സേവനം പൂർണ്ണമായും അട്ടപ്പാടിയിൽ ലഭ്യമാക്കുന്നവിധം ക്രമീകരിച്ചിട്ടുണ്ട്.

അണ്ടൂർക്കോണം പ്രാഥമികാരോഗ്യകേന്ദ്രം അപ്ഗ്രഡേഷൻ

94 (4378) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ അണ്ടൂർക്കോണം പ്രാഥമികാരോഗ്യ കേന്ദ്രം അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്, വിശദമാക്കുമോ ;

(ബി) ഈ സാമ്പത്തിക വർഷം അണ്ടൂർക്കോണം പി.എച്ച്.സി. അപ്ഗ്രേഡ് ചെയ്ത് സി.എച്ച്.സി. ആക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അണ്ടൂർക്കോണം പി.എച്ച്.സി.-യെ അപ്ഗ്രേഡ് ചെയ്യുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമായാൽ മാത്രമേ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

ശുചിത്വത്തിന്റെ അടിസ്ഥാനത്തിൽ ഹോട്ടലുകളെ തരം തിരിക്കൽ

95 (4379) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുചിത്വത്തിന്റെ അടിസ്ഥാനത്തിൽ ഹോട്ടലുകളെ തരം തിരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതു രീതിയിലുള്ള തരം തിരിക്കലാണ് ഉണ്ടാവുക എന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം നഗരസഭ പ്രസ്തുത രീതിയിൽ നടപടി സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത രീതിയിൽ ശുചിത്വകാര്യങ്ങൾ നിർബന്ധമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly